5. മദ്രാസ്-കാലിക്കട്ട് റോഡിൽ 360/2 മൈൽ ലവൽക്രാസിംഗ്.

6. മദ്രാസ്-കാലിക്കട്ട് റോഡിലെ 360/8 മൈൽ ലവൽ ക്രാസിംഗ്.

(ബി) മുകളിൽ പറഞ്ഞിരിക്കുന്നതിൽ ഒന്നാമത്തെ സ്കീം 1959-60 ലെ പ്രയാറിറി ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ട്.

ഹരിജൻ വിവിധോദ്ദേശ സഹകരണസംഘങ്ങൾ.

373. [4] ശ്രീ. ആർ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1957 ഏപ്രിൽ മാസത്തിനു മുമ്പ് കേരളത്തിൽ എത്ര ഹരിജൻ വിവിധോദ്ദേശ സഹകരണസംഘങ്ങൾ ഉണ്ടായിരുന്നു ;

(ബി) 1959 മാർച്ചുമാസം അവസാനം കേരളത്തിൽ എത്ര സംഘങ്ങൾ ആകെ ഉണ്ടായിട്ടുണ്ട് ;

(സി) ഈ സംഘങ്ങൾക്ക് ഗ്രാൻറ് ഇനത്തിൽ എന്തു തുക 1957-58-ലും 1958-59-ലുമായി വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) ഇതിൽ ഏതെങ്കിലും സംഘങ്ങൾക്ക് ലോൺ ഇനത്തിൽ പണം കൊടുത്തിട്ടുണ്ടോ ;

(ഇ) കൊടുത്തിട്ടുണ്ടെങ്കിൽ 1957-58, 1958-59-എന്നീ സാമ്പത്തിക വർഷത്തിൽ എന്തു തുക കൊടുത്തു ?

ഉത്തരം.

(എ) 167.

(ബി) 270.

(സി) 1957-58-ൽ 34 സൊസൈറ്റികൾക്ക് 1,89000 രൂപയും 1958-59-ൽ 36 സൊസൈറ്റികൾക്ക 1,35,090 രൂപയും അങ്ങിനെ ആകെ 70 സൊസൈറ്റികൾക്കായി 3,24,090 രൂപ ഗ്രാൻറിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ADJOURNMENT MOTION.

Mr. Speaker: Order, order. The hon. Law Minister may state the facts in regard to the adjournment motion tabled by the hon. Member Shri Chacko yesterday.

Minister for Law (**Shri V. R. Krishna Iyer**): Sir, the facts, to the extent to which I could gather from the local officer concerned are as follows:-

The incident is alleged to have taken place in a chapel (Kurisu Palli) situated about 20 yards to the west of the Kanjirappalli Police Station; it is also on the road side.

A special prayer was commenced there, it would appear, on 1st May 1959 evening with songs and speeches punctuated by prayers. Loud-speaker arrangements had been made, but it so happened that the Chapel being so close to the Police Station

LIBRARY ARCHIVES Kerala Legislative Assembly

and since loud-speaker arrangements and microphone being used, the Sub-Inspector found it impossible to do his work and also to attend the telephone calls because of the sound of the amplifier. This was going on from 1st May 1959 between 6.30 and 8.30 p. m. The Sub Inspector, Ponkunnam, requested the promoters of the convention to reduce the volume of the sound and explained to them his difficulty. They agreed to lessen the volume, but actually did not do so. On the 2nd of May the Sub-Inspector went there and stood on the road and talked to the leaders and again attempted to persuade them to put an end to the amplifier or to reduce the volume of the sound, but it was met with little success. That was what took place. The Sub Inspector, of course, had twice gone there and tried to reduce the volume of amplifier and all that, probably, was misconstrued as intimidation. And a meeting and jatha, the usual sequel, followed in this case. One Mr. Jacob Antony and some women and children took part in the demonstrations and all that. Anyway, as good luck would have it, the present position is, all quiet there. While it is very necessary that complete freedom in such matters should be permitted, sometimes there will be difficulty for traffic and public offices, because what is food for one may be poison for another. In this case, unfortunately, the Sub-Inspector felt hurt, because requests twice made by him were not heeded to. Be that as it may, it is at very quiet out there; however in view of the fact that the Leader of the Opposition has raised this motion, I have ordered the District Collector himself to go there and make a separate enquiry in the matter and submit a report to Government, so that we may have a higher level investigation to know whether the version given by the local Sub-Inspector is correct or not. I hope the Collector's report would be received here very early, and I shall certainly bring it to the particular attention of the Leader of the Opposition, so that he may know whether the facts mentioned by the Sub-Inspector were correct or not. At the same time I wish to inform the Leader of the Opposition again that the present position there is all quiet.

9. A. M.

Shri P. T. Chacko : Sir, before giving a ruling on the motion will you kindly allow me to say a few words because the information received by Minster is incorrect. സംഭവത്തിന്റെ ഒരു ഭാഗം നടന്നതാണെന്നു മന്ത്രിയ്ക്കു തന്നെ ഇപ്പോൾ റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. പക്ഷെ സംഗതികൾ വളരെ മയപ്പെടുത്തി തെറ്റായ രൂപത്തിൽ അറിയിച്ചിരിക്കയാണു്. പോലീസ് സ്റ്റേഷന്റെ അടുത്താണു് കപ്പോള എന്നുള്ളതു് വാസ്തവമാണു്. ഈ കപ്പോള വന്നതിനു വളരെ വർഷങ്ങൾക്കു ശേഷമാണു് പോലീസ് സ്റ്റേഷൻ അവിടെ വന്നതു്. ഞാൻ പ്രൈമറി സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലം മുതൽ തന്നെ മേയ് മാസത്തിൽ എല്ലാ ദിവസങ്ങളിലും ഈ കപ്പോളയിൽ പ്രാർത്ഥന നടത്താറുണ്ട്. അതു് മേയ് മാസത്തിനു് ചില വിശേഷതകൾ ഉള്ളതുകൊണ്ടാണു്. മൈക്കു ലഭിച്ചിരുന്ന കാലത്തെല്ലാം അവിടെ മൈക്കു് ഉപയോഗിച്ചിട്ടുമുണ്ടു്. ഇതുവരെ ഒരു തടസ്സവും ഉണ്ടായിട്ടില്ല. ഇങ്ങനെ വളരെക്കാലമായി മൈക്കു ഉപയോഗിച്ചു നടത്തിക്കൊണ്ടിരിക്കുന്ന പ്രാർത്ഥനയെ തടയുന്നതിനുള്ള ഒരു പരിശ്രമമാണു് ഇൻസ്പെക്ടർ നടത്തിയതെന്നു വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനോടു ബന്ധപ്പെട്ട ഒരു കാര്യത്തെപ്പറ്റി ഈ അവസരത്തിൽ ചിന്തിക്കുന്നതുകൊള്ളാം. കപ്പോളയോടു ചേർന്നു പള്ളിയുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

വകയായ ഒരു കടയുണ്ടായിരുന്നു. ആ കട ഇരുന്നിടം മാത്രം ഒരു പ്രത്യേക സ്വത്തിൽ പെടുത്തി പുറമ്പോക്കെന്ന നിലയിൽ സർക്കാർ കേസെടുത്തിട്ടു കുറെ നാളായി. അതു കഴിഞ്ഞു ആ കട പൊളിച്ചുമാറ്റി വയ്ക്കുന്നതിനു് അനുവാദം ചോദിക്കയും കാഞ്ഞിരപ്പള്ളി തഹസീൽദാർ അനുവാദം കൊടുത്തതനുസരിച്ചു് വേറെ കട വയ്ക്കുകയും ചെയ്തു. അതു് അവിടത്തുള്ള ഭരിക്കുന്ന പാർട്ടിയിലെ അംഗങ്ങൾ സംഘം ചേർന്നു് ആ കട വയ്ക്കുന്നതിനെ പ്രതിരോധിക്കാൻ ശ്രമിക്കയും അവരുടെ പ്രേരണമൂലം ഫലമായി തഹസീൽദാരെ സസ്പെൻഡ് ചെയ്യുകയും അദ്ദേഹം കൈയ്യേറ്റം ചെയ്തു എന്നു് പരിക്കയും ചെയ്തു. അതിനു ശേഷമാണു് ഈ സംഭവം ഉണ്ടാകുന്നതെന്നു പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. പോലീസ് ഇൻസ്പെക്ടർ മൈക്കിൾ റാഫിയും കൂടിയാണെന്നു നേതാക്കന്മാരോടു പറഞ്ഞുവെന്നു അറിവു തന്നിട്ടുണ്ടു്. തുടരാടു പറഞ്ഞുവെന്നു പറഞ്ഞിട്ടില്ല. പള്ളിക്കു നോവുവിട്ടു. പള്ളിയെ സംബന്ധിച്ചിടത്തോളം ഉത്തരവാദപ്പെട്ടവരോടു് പറഞ്ഞിട്ടുണ്ടോ? മറ്റുള്ളവരോടു് പറഞ്ഞുവെന്നു റിപ്പോർട്ടു ചെയ്തിട്ടു കാര്യമില്ല. ഈ പ്രാർത്ഥന ഒന്നോ രണ്ടോ മണിക്കൂറിൽ കൂടുതൽ പോകുകയില്ല. അതിലധികം സമയം മൈക്കു് അതിലധികം ശബ്ദത്തിൽ ഉപയോഗിക്കാൻ സാധിക്കയില്ല. അവിടെ മൈക്കു ഉപയോഗിക്കുന്നതിനെ നിരോധിക്കുന്ന ഒരു നിയമവും ഈ രാജ്യത്തു ഇതുവരെ നിലവിലില്ല. എന്റെ അറിവു ശരിയാണെങ്കിൽ അവിടെയുള്ള കുറെ ആളുകളുടെ പ്രേരണയിൽ ഈ കപ്പോളയിലെ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിക്കണമെന്നുള്ള ഒരു ദേശത്തോടുകൂടി ഇൻസ്പെക്ടർ കപ്പോളയ്ക്കു മുള്ളിലേയ്ക്കു കയറി മൈക്കിനു് പിടിക്കുകയാണു് ചെയ്തതു്. പള്ളി പറയുന്നതു കൊണ്ടുമായി കയറു് മാസത്തിൽ ഇങ്ങനെ പ്രാർത്ഥന നടത്തുന്നുവെന്നു സാധുവായ പുരോഹിതൻ പറഞ്ഞപ്പോൾ "അതൊന്നും പറയേണ്ട ഇനി അതുൾക്കൊള്ളുന്നുണ്ടെങ്കിൽ രാജ്യം ഭരിക്കുമ്പോൾ ഇതൊന്നും നടക്കുകയില്ല" എന്നാണു് ഇൻസ്പെക്ടർ പറഞ്ഞതു്. അങ്ങനെ പറഞ്ഞുകൊണ്ടു അവിടെയുണ്ടായിരുന്ന ആളുകളെ ഇൻറിമിഡേറ്റു ചെയ്തു. ഉടനെ തന്നെ ഒരു യോഗം കൂടി. നാട്ടിന്റെ നാനാഭാഗത്തുനിന്നും ആളുകൾ കൂടി. വളരെക്കാലമായി മതപരമായ ചടങ്ങുകൾ നടത്തിവന്നിരുന്നു് നടക്കുമ്പോൾ ഇൻസ്പെക്ടർ കയറി തടസ്സമുണ്ടാക്കിയതു് ആളുകളുടെ മതവികാരങ്ങളെ ക്ഷതപ്പെടുത്തി. ആ യോഗത്തിനുശേഷം ആ സ്ഥലത്തിനു് അടുത്തു പല യോഗങ്ങളും ചേർന്നിട്ടുണ്ടു്. ഇനിയും യോഗം ചേരുന്നുമാണു്. ഇതു് ഗൗരവമുള്ള ഒരു കാര്യമാണെന്നു് ഗവൺമെൻറു് മനസ്സിലാക്കണം. കളക്ടറുടെ റിപ്പോർട്ടു് ആവശ്യപ്പെട്ടിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷമുണ്ടു്. കഴിയുന്നതും വേഗം യഥാർത്ഥത്തിൽ അവിടെ നടന്നതെന്താണെന്നു അറിയിക്കുന്നതിനു് കളക്ടർക്കു് നിർദ്ദേശം കൊടുക്കുകയും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ തെറ്റു പ്രവർത്തിച്ച ഇൻസ്പെക്ടറുടെ മേൽ ന്യായമായ നടപടികളും നടത്തുകയും ചെയ്തു അവിടത്തെ സംഘർഷാവസ്ഥ അവസാനിപ്പിക്കണം. അതിനു ഇനി അവിടെ ഒരു ഇൻറർഫെറൻസ് ഉണ്ടാകുകയില്ലെന്നു ഒരു ഉറപ്പു കൊടുക്കുന്നതു നന്നായിരിക്കും. ഇങ്ങനെയുള്ള കാര്യങ്ങളിൽ അവർത്തിക്കാതിരിക്കാൻ വേണ്ടതു ചെയ്യണമെന്നുള്ളതിൽ കവിഞ്ഞു എനിക്കു ഒരാവശ്യമില്ല. വിവേചനം ഇപ്പോൾ പലടത്തും നടക്കുന്നതാണു്. തിരുവനന്തപുരത്തു മേയർ ഒന്നിനു് പി. എസ്. പി. പാർട്ടി മൈക്കിനു് അനുവാദം ചോദിച്ചിട്ടു നൽകിയില്ല. അതേ അവസരത്തിൽ കാലത്തു ഏഴുമണി വൈകുന്നേരം വരെ പിറ്റേന്നു് കമ്മ്യൂണിസ്റ്റുകാർ മൈക്കു ഉപയോഗിച്ചു. അതിനെപ്പറ്റി ചോദിച്ചപ്പോൾ അവരെ പ്രോസിക്യൂട്ടു ചെയ്യേണ്ടതാണെന്നു പറഞ്ഞു. കോട്ടയം കളക്ടറോടു് മൈക്കുപയോഗിക്കുന്നതിനു് ഞാൻ അനുവാദം ആവശ്യപ്പെട്ടിട്ടതുമില്ല. അതിന്റെ പിറ്റേന്നു് കമ്മ്യൂണിസ്റ്റു് പാർട്ടി യോഗത്തിൽ കാലത്തുമുതൽ വൈകുന്നേരംവരെ മൈക്കുപയോഗിച്ചു. എന്നിട്ടൊരു നടപടിയും എടുത്തില്ല. ഇങ്ങനെയുള്ള വ്യത്യസ്ഥപരിശീലനം ഇവിടെയുണ്ടു് ഇതൊക്കെ അവസാനിപ്പിക്കണം. അവസാനമായി അവിടത്തെ സംഘർഷാവസ്ഥ അവസാനിപ്പിക്കുന്നതിനു് യുക്തമായ നടപടികളും സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഒരു വിഭാഗം ആളുകൾ കൂടി വയ്ക്കുന്നതിനെ പ്രതിരോധിക്കാൻ തഹസീൽദാരുടെ അടുക്കൽ ചെന്നു എന്നു പറയുന്നതു് ഞാൻ നിഷേധിക്കയാണു്. വളരെ ബന്ധപ്പെട്ട കാര്യങ്ങളുണ്ടെങ്കിൽതന്നെയും ഇത്തരം കാര്യങ്ങളും പറഞ്ഞാൽ ഭംഗിയാകും. അപ്പോൾ ചില ലക്ഷ്യങ്ങളും സാധിക്കുമെന്നു വിചാരിക്കുന്നുണ്ടെങ്കിലും ഞാൻ ആ സംഗതി നിഷേധിക്കയാണു്. മൈക്കുപയോഗിക്കുന്നതു സംബന്ധിച്ചും, വ്യത്യസ്തമായ നടപടികളും അംഗീകരിക്കുന്നു എന്നുള്ളതു് ഞാൻ നിഷേധിക്കുകയാണു്. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അതു് ആരായാലും അവരുടെ പേരിൽ നടപടിയെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടു്. നടപടി എടുക്കുന്നുമുണ്ടു്. മൈക്കു് ഉപയോഗിക്കുന്നതിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങളെ സംബന്ധിച്ചു് നമുക്കു ചില പൊതു അഭിപ്രായങ്ങളും ഉണ്ടാകും. അതനുസരിച്ചു് കർശന നടപടികളും എടുക്കുന്നതു് ഉപയോഗപ്രദമായിരിക്കും. അതിൽ യാതൊരു പക്ഷപാതവും ഉണ്ടായിട്ടില്ല. ഒടുവിൽ ഉണ്ടിക്കാണിച്ച സംഘർഷാവസ്ഥ ഇല്ലാതാക്കാൻ വേണ്ടിക്കൂടിയാണു് കളക്ടർക്കു നിർദ്ദേശം നൽകിയിട്ടുള്ളതു്. ഞാൻ വായിച്ച റിപ്പോർട്ടു പരിപൂർണ്ണമായ ഒരു റിപ്പോർട്ടാണെന്നു കരുതാൻ സാധ്യമല്ല. വയർലസ്സു് മെസേജു വഴി കിട്ടിയതാണു്. കളക്ടർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്. അദ്ദേഹം എല്ലാ ഭാഗക്കാരുമായി സംഭാഷണം നടത്തി സംഘർഷാവസ്ഥ അവസാനിപ്പിക്കാൻ ശ്രമിക്കും. അതിനു് പ്രതിപക്ഷനേതാവും മറ്റു ചില വിഭാഗവും സഹായിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : തഹശീൽദാർ അവിടെ നിന്നിരുന്ന കെട്ടിടം അഴിച്ചുപണിയുന്നതിനു് സമ്മതം കൊടുത്തു എന്നുള്ളതു് ശരിയല്ല. അവിടെ പുതുതായി കെട്ടിടം വച്ചുകഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന ആളുകൾ റവന്യൂ ഡിവിഷണൽ ആഫീസറെ കാണുകയും അദ്ദേഹം സ്റ്റേ കൊടുക്കുകയും ചെയ്തിട്ടു തഹശീൽദാർ അതു എക്സിക്യൂട്ടു ചെയ്തില്ല. അദ്ദേഹത്തോടു സമാധാനം ചോദിച്ചപ്പോൾ ശ്രീ. കെ. റ്റി. തോമസിനെപ്പോലുള്ള പ്രമാണികളും അതിന്റെ പുറകിൽ ഉള്ളതുകൊണ്ടു് എതിർത്തു നിൽക്കാൻ സാധ്യമാകാത്തതാണെന്നു പറഞ്ഞു. അതിനുമേലാണു് നടപടിയെടുത്തതു്. അദ്ദേഹം കെട്ടിഞ്ഞാന്നതു് കുടുംബകാരണം കൊണ്ടാണെന്നാണു് റിപ്പോർട്ടു കിട്ടിയിട്ടുള്ളതു്

ശ്രീ. പി. ടി. ചാക്കോ : അവിടെ മൈക്കു് ഉപയോഗിക്കുന്നതും പോലീസ് സ്റ്റേഷനും ശല്യം ഉണ്ടാക്കുമെന്നും പറയുന്നതു് തെറ്റായ ഒരു കാര്യമാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരു പോയിന്റ് ഓഫ് ആർഡർ.

ശ്രീ. പി. ടി. ചാക്കോ : എന്താ ഇത്ര അസഹനീയത. ഇതൊരു ശല്യമായിട്ടുണ്ടെല്ലോ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പ്രതിപക്ഷനേതാവാണെങ്കിലും ഇതു ശല്യമാണെന്നു പറയാമോ ?

ശ്രീ. പി. ടി. ചാക്കോ : എനിക്കു ശല്യമായിട്ടു തോന്നി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എനിക്കു് അതു വലിയ ശല്യമായി തോന്നി.

ശ്രീ. പി. ടി. ചാക്കോ : കഴിഞ്ഞ അവിടെ വന്നു പത്തൻപതു വർഷത്തിനുശേഷമാണു് അതിനടുത്തു പോലീസ് സ്റ്റേഷൻ ഉണ്ടായതു്. ഒരു പി. ഡബ്ലിയു. ഡി. ഷെഡ്ഡിനകത്താണു് പോലീസ് സ്റ്റേഷൻ തുടങ്ങിയതു്. സ്റ്റേഷൻ പള്ളിയുടെ അടുത്തായതുകൊണ്ടു് സ്റ്റേഷനും ഉപദ്രവകരമായിരുന്നു, എന്നു പറഞ്ഞതും തെറ്റാണു്. റവന്യൂ മിനിസ്റ്റർ പറഞ്ഞതെല്ലാം തെറ്റാണു്. കൊട്ടി ഞാന്നതു് സസ്പെൻഡു ചെയ്തതു കൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഇതൊരു ഡിസ്ക്കഷൻ ആണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അല്ല.

ശ്രീ. കെ. റ്റി. തോമസ് : എനിക്കു ഒരു ക്ലെഴ്സണൽ എക്സ്പ്ലനേഷൻ നൽകാനുണ്ട്.

Mr. Speaker : Nothing has been said against you. These are only counter assertions to counter-assertions. If it is to go on like this I don't think it is possible to continue the business of the House. തഹസീൽദാർ പറഞ്ഞുവെന്നാണ് പറഞ്ഞത്. തഹസീൽദാർ പറഞ്ഞതു; തെറ്റാണോ എന്നറിയാൻ അദ്ദേഹം ജീവിച്ചിരിപ്പില്ല.

ശ്രീ. പി. ടി. ചാക്കോ : അതിന്റെ പുറകിൽ കെ. റ്റി. തോമസ്സും ഉണ്ടെന്നാണ് പറഞ്ഞതു. I was closely listening to what the Revenue Minister was saying. The Revenue Minister stated that the Tahsildar could not execute the stay order because important personalities like Shri K. T. Thomas were behind it. It was what the Tahsildar reported. അതു് തെറ്റാണെന്നോ ശരിയാണെന്നോ തീരുമാനിച്ചുകൊള്ളുക.

ശ്രീ. കെ. റ്റി. തോമസ് : ഞാൻ ആ പ്രസ്താവനയെ നിഷേധിക്കുകയാണ്. അങ്ങനെ ഒരു റിപ്പോർട്ടുണ്ടെങ്കിൽ മേശപ്പുറത്തു വയ്ക്കാൻ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് ആവശ്യപ്പെടുന്നു.

Mr. Speaker: Order, order. In view of the statement given by the Minister that necessary steps will be taken to improve the situation and that the matter is being further enquired into I disallow the motion.

I am in receipt of two notices under Rule 66 from Messrs. T. Krishnan and Avukaderkutty Naha. As they are not of sufficient importance I disallow them.

LEGISLATIVE BUSINESS.

The Kerala Agrarian Relations Bill, 1957. Consideration of (*Contd.*)

(The number within brackets shown against the amendments denotes the number in the list of amendments.)

Mr. Speaker : Yesterday, we were at Clause 2, sub-clause (36). The amendment (No. 169) moved by Shri P. T. Chacko was put to vote and declared lost.

The amendment (No. 170) moved by Shri E. P. Poulose was withdrawn with the leave of the House.

The amendment (No, 171) moved by Smt. Rosamma Punnoose was withdrawn with the leave of the House.

The amendment (No. 172) moved by Shri C. Kunhikrishnan Nair was put and lost.

LIBRARY ARCHIVES Kerala Legislative Assembly